പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2992 22.06.2012 ൽ മറുപടിയ്ക്ക്

## ആലപ്പുഴയിലെ നെൽക്കർഷകർക്ക് ഗുണമേന്മയുള്ള രാസവളം

ചോദ്യം

ശ്രീ. ജി. സുധാകരൻ

മറുപടി

ശ്രീ. കെ.പി. മോഹനൻ
(ബഹു. കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

**(എ)** ആലപ്പുഴയിലെ നെൽകർഷകർക്ക് ഗുണമേന്മയുള്ള രാസവളം ആവശ്യാനുസരണം ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു പരിഹരിക്കുവാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

**(എ)** ആലപ്പുഴ ജില്ലയിൽ നെൽ കർഷകർക്ക് യൂറിയയ്ക്ക് ക്ഷാമമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മറ്റ് വളങ്ങളായ മ്യൂറേറ്റ് ഓഫ് പൊട്ടാഷ്, ഫാക്ടംഫോസ്, മറ്റ് കോംപ്ലക്സ് വളങ്ങൾ എന്നിവയ്ക്ക് ക്ഷാമം നിലവിലില്ല. ഫെർട്ടിലൈസർ ഇൻസ്പെക്ടർമാരായ കൃഷി ഓഫീസർമാർ അംഗീകൃത ഡീലർമാരുടെ കൈവശമുള്ള സ്റ്റോക്കിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് സംസ്ഥാന രാസവള പരിശോധനാശാലകളിൽ അയച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. ഗുണനിലവാരം കുറഞ്ഞ വളങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ 1985 പ്രകാരമുള്ള തുടർനടപടികൾ എടുക്കാറുണ്ട്. ജില്ലയിൽ യൂറിയ അടക്കമുള്ള എല്ലാ വളങ്ങളും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേന്ദ്രഗവൺമെന്റ് ജൂൺ മാസത്തേയ്ക്ക് അനുവദിച്ച് തന്ന വളത്തിൽ നിന്ന് 950 ടൺ കോംപ്ലക്സ് വളങ്ങൾ, 200 ടൺ യൂറിയ, 680 ടൺ മ്യൂറേറ്റ് ഓഫ് പൊട്ടാഷ് എന്നിവ ആലപ്പുഴ ജില്ലയ്ക്ക് അനുവദിച്ചിട്ടുണ്ട്. വിവിധ രാസവള കമ്പനികൾ വഴി ഇവ ജില്ലയിലെത്തിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ